<u>പതിനാലാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1419 — 11-08-2017 ലെ മറുപടിക്ക്

## നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും നേരിടുന്ന വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>" ജോർജ് എം.തോമസ്<br>" ഒ.ആർ.കേളു<br>" എസ്.രാജേന്ദ്രൻ | ശ്രീ.വി.എസ്. സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) സംസ്ഥാന സമ്പദ്ഘടനയുടെ മുഖ്യ വരുമാനമാർഗമായ നാണ്യവിളകളും സുഗന്ധ വ്യഞ്ജനങ്ങളും നേരിടുന്ന വിലത്തകർച്ചയുടെ മുഖ്യകാരണം ആസിയാൻ പോലുള്ള ആഗോള വിപണന കരാറുകളായതിനാൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ വേണ്ട സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് അറിയിക്കാമോ; | സ്വതന്ത്ര വ്യാപാര കരാറുകളുടെ ഫലമായി കേരളത്തിലെ നാണ്യവിളകൾ വിലത്തകർച്ച നേരിടുന്നു എന്നും അതിനെ നേരിടുന്നതിനു വേണ്ടി ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക ഇറക്കുമതി നിർത്തലാക്കുക എന്നിങ്ങനെയുള്ള സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആർ.സി. ഈ.പി ഉൾപ്പെടെയുള്ള കരാറുകളുടെ ചർച്ചാ വേളയിൽ കേരളത്തിലെ കാർഷിക ഉല്പന്നങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് മാത്രമെ തീരുമാനങ്ങൾ കൈകൊള്ളുകയുള്ളു എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട് |
| (ബി) റബർ, ഏലം, കുരുമുളക്, വെളിച്ചെണ്ണ തുടങ്ങിയ പ്രധാന കാർഷികോൽപ്പന്നങ്ങൾ അനിയന്ത്രിയമായ ഇറക്കുമതി മൂലം | സ്വാഭാവിക റബ്ബറിന് കരാർ പ്രകാരം ചുമത്താവുന്ന ഏറ്റവും കൂടിയ ഇറക്കുമതി ചുങ്കമായ 25% ചുമത്തിയിട്ടുണ്ട്. (25% or Rs.30/- |

| | |
|---|---|
| വിലത്തകർച്ച നേരിടുന്നതിനാൽ ഇവയുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനോ ഇറക്കുമതി നിയന്ത്രിക്കാനോ ഉള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനോട് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള കർഷക അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; | ഏതാണോ കുറവ്) വെളിച്ചെണ്ണയുടെ വിലയെ ബാധിക്കുന്ന പാം ഓയിൽ ഇറക്കുമതി കേരളത്തിലെ തുറമുഖങ്ങളിൽ കൂടി ഇറക്കുമതി ചെയ്യുന്നത് നിർത്തലാക്കി കൊണ്ട് സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെ തുടർന്ന് ഉത്തരവായിട്ടുണ്ട്. |
| (സി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകരെ കൂടുതൽ പാപ്പരാക്കുന്ന, ആസിയാൻ രാജ്യങ്ങൾ തമ്മിലുള്ള പ്രദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തം (ആർ.സി.ഇ.പി) എന്ന കൂടുതൽ അപകടകാരിയായ കരാറിൽ ഏർപ്പെടാനുള്ള നീക്കത്തിൽ നിന്ന് പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | ആർ.സി.ഇ.പി കരാർ കേരളത്തിന്റെ കാർഷിക മേഖലക്ക് വലിയ ഭീഷണി ആണെന്നും കാർഷിക ഉല്പന്നങ്ങൾക്ക് കരാറിൽ പൂർണ്ണ സംരക്ഷണം ഉറപ്പാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

അണ്ടർസെക്രട്ടറി.